(സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 വർഷം മുതൽ സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം എന്ന പേരിൽ യുത്ത് അവാർഡ് നൽകി വരുന്നു. സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരത്തിന് (സാഹിത്യം, കല, കായികം, കൃഷി, സംരംഭകത്വം, സാമൂഹ്യപ്രവർത്തനം, മാധ്യമ പ്രവർത്തനം) പത്തു പരസ്യം നൽകുകയും അവാർഡിനായി നിശ്ചിത അപേക്ഷാ ഫോമിൽ അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നു. അതാത് മേഖലയിൽ പ്രഗത്ഭരായ 3 വ്യക്തികളെ ജൂറി അംഗമായി ബോർഡിന്റെ ചെയർമാനായ ബഹു. യുവജനകാര്യ വകുപ്പുമന്ത്രി തെരഞ്ഞെടുക്കുന്നു. പ്രസ്തുത ജൂറി അംഗങ്ങൾ അപേക്ഷകൾ വിശകലനം ചെയ്യുകയും മികച്ച അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. ലഭിച്ച അപേക്ഷയിൽ മികവുള്ളതും പ്രാപ്തിയുള്ളതുമായ അപേക്ഷകർ ഇല്ലെങ്കിൽ ജൂറിക്ക് നേരിട്ട് അപേക്ഷകൾ വാങ്ങാവുന്നതും പരിഗണിക്കാവുന്നതുമാണ്. കൂടാതെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ജൂറിക്കുതന്നെ ഏറ്റവും ശ്രേഷ്ഠവും മികവുറ്റതുമായ അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കാവുന്നതാണ്. അവാർഡിന് തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് 50,001 രൂപയും പ്രശസ്തി പത്രവും നൽകിവരുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മികച്ച യുവജന ക്ലബ്ബുകൾക്കും അവാർഡ് നൽകിവരുന്നു. ജില്ലാതലങ്ങളിൽ ലഭിക്കുന്ന അപേക്ഷ യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രംവഴി സ്വീകരിക്കുകയും ജില്ലാകളക്ടർ ചെയർമാനായുള്ള ജൂറി, ലഭിച്ച അപേക്ഷകളിൽ നിന്ന് മികച്ച ക്ലബ്ബിനെ ജില്ലാതല യുവജനക്ലബ്ബ് അവാർഡിനായി തെരഞ്ഞെടുക്കുന്നു. ഇങ്ങനെ 14 ജില്ലകളിൽ നിന്നും അവാർഡിനർഹരായ ക്ലബ്ബുകളിൽ നിന്ന് ഏറ്റവും മികച്ച ക്ലബ്ബിനെ സംസ്ഥാനതല അവാർഡിനായി തെരഞ്ഞെടുക്കുന്നു.

ഗ്രാമവ്യവസായ മേഖലയിലെ തൊഴിൽ സംരംഭങ്ങൾ

14 (*494) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഗ്രാമ വ്യവസായ മേഖലയിൽ തൊഴിൽ ലഭ്യമാക്കാൻ പരിപാടികൾ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പരിപാടിയുമായി സഹകരിച്ചത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ.ബാലകൃഷ്ണൻ)

(എ) ഉണ്ട്.

(ബി) 1. സ്വയം തൊഴിൽ അധിഷ്ഠിതമായ ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, അതിലൂടെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ തൊഴിൽ അവസരങ്ങൾ സംജാതമാക്കുക.

3. സ്ഥിരമായ തൊഴിൽ അവസരങ്ങളിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പു വരുത്തുക.

4. തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുക, അതിലൂടെ അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുക.

5. ചെറുകിട വ്യവസായമേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക.

(സി) കേന്ദ്ര ഖാദി കമ്മീഷൻ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ, ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള മറ്റ് ബാങ്കുകളുടെയും പരിപൂർണ്ണ സഹകരണത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

സഹകരണപ്രസ്ഥാനങ്ങളും കാർഷിക വികസനവും

15 (*495) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി കർഷകർക്ക് കൂടുതൽ ഗുണകരമായ പദ്ധതികൾ നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly